പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4037 | 21.10.2016-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യുടെ സാമ്പത്തികസ്ഥിതി

**ചോദ്യം**

ശ്രീ. എ.എം. ആരിഫ്
" ബി.ഡി. ദേവസ്സി
" ബി.സത്യൻ
" പി. ഉണ്ണി

**ഉത്തരം**

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് സെപ്തംബർ മാസത്തെ ശമ്പളം വൈകാനിടയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ വരുമാനവും ചെലവും തമ്മിലുള്ള അന്തരം ഏകദേശം 100 കോടി രൂപയാണ്. ദൈനംദിനം ലഭിക്കുന്ന വരുമാനത്തിന്റെ കൂടുതലും നാളിതുവരെ എടുത്തിട്ടുള്ള വായ്പകളുടെ തിരിച്ചടവിലും ഡീസൽ വാങ്ങുന്നതിനുമാണ് ചെലവഴിക്കുന്നത്. ശമ്പളവും പെൻഷനും വിതരണം നടത്തണമെങ്കിൽ എല്ലാ മാസവും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ തരപ്പെടുത്തിയാൽ മാത്രമേ സാധിക്കുന്നുള്ളൂ. അതുപോലെ സെപ്തംബർ മാസത്തെ ശമ്പളത്തിനു വേണ്ടിയുള്ള വായ്പ അനുവദിച്ചു കിട്ടുന്നതിനുവേണ്ടി വന്ന താമസമാണ് സെപ്തംബർ മാസത്തെ ശമ്പളം വൈകാനിടയായ സാഹചര്യം. |
| (ബി) | സ്ഥാപനത്തിന്റെ പ്രതിമാസ വരുമാന കമ്മി എത്രയാണെന്ന് അറിയിക്കുമോ; വരുമാന കമ്മി നികത്താനായി പരിഗണനയിലുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; ടിക്കറ്റേതര വരുമാനത്തിന്റെ കണക്ക് ലഭ്യമാണോ; | (ബി) | പ്രതിമാസ വരുമാന കമ്മി ഏകദേശം 100 കോടി രൂപയാണ്. വരുമാന കമ്മി നികത്താനായി പരിഗണനയിലുള്ള മാർഗ്ഗങ്ങൾ ഇവയൊക്കെയാണ്.<br>1. വരുമാനം കുറഞ്ഞ ബസ് സർവ്വീസുകൾ പുനഃക്രമീകരിച്ച് ടിക്കറ്റു വരുമാനം വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു.<br>2. പ്രകൃതി സൗഹൃത വാതകം ഇന്ധനമായി |

| | | | |
|---|---|---|---|
| | | | ഉപയോഗിക്കുന്ന സി.എൻ.ജി. ബസുകൾ നിരത്തിലിറക്കി ഇന്ധനച്ചെലവ് കുറയ്ക്കാനുള്ള മാർഗ്ഗങ്ങൾ ആരാഞ്ഞുവരുന്നു.<br>3. ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുവാനുതകുമാറ് ബസ് സ്റ്റേഷനുകളിൽ കൂടുതൽ വാണിജ്യസ്ഥാപനങ്ങൾ വാടക അടിസ്ഥാനത്തിൽ ലേലം ചെയ്തു കൊടുക്കുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തി വരുന്നു.<br>ടിക്കറ്റേതര വരുമാനമായി ശരാശരി 1.5 കോടി രൂപ ലഭിക്കുന്നുണ്ട്.<br>കെ.എസ്.ആർ.ടി.സി.ക്ക് ടിക്കറ്റ് വരുമാനത്തിനു പുറമെ, ബസ് സ്റ്റേഷനുകളിലെ സ്റ്റാളുകൾ, ക്യാന്റീൻ, ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ എന്നിവ ലേലം / ടെണ്ടർ മുഖേന വാടകയ്ക്ക് നൽകിയും കെ.എസ്. ആർ.ടി.സി ബസ്സുകളിലും ബസ് സ്റ്റേഷനുകളിലും പരസ്യം പതിക്കുന്നതിന് ടെണ്ടർ മുഖേന ലൈസൻസിയെ കണ്ടെത്തി നൽകിയത് വഴിയും, കോഫീവെൻഡിംഗ് മെഷീൻ, എ.ടി.എം എന്നിവ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുവാൻ സ്ഥലം വാടകയ്ക്ക് നൽകുന്നതിലൂടെയും കൊറിയർ സർവ്വീസ് നടത്തിയും കെ.എസ്.ആർ.ടി.സി.ക്ക് ടിക്കറ്റേതര വരുമാനം ലഭിച്ചു വരികയാണ്. |
| (സി) | ശമ്പളം, പെൻഷൻ, പലിശ, ഇന്ധന ചെലവ്, മറ്റ് ദൈനംദിന ചെലവുകൾ എന്നിവ പ്രതിമാസം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടെങ്കിൽ ആയത് വിശദമാക്കുമോ; | (സി) | സെപ്തംബർ 2016ലെ ചെലവു വിവരം ചുവടെ ചേർക്കുന്നു.<br>തുക (കോടി രൂപയിൽ)<br>ശമ്പളവും ആനുകൂല്യങ്ങളും - 85.75<br>പെൻഷൻ - 55.00<br>ഡീസൽ, ഓയിൽ തുടങ്ങിയവ - 75.00<br>പെൻഷൻ ആനുകൂല്യങ്ങൾ - 12.00<br>വായ്പാ തിരിച്ചടവ് (മുതൽ, പലിശ ചേർത്ത്) - 49.22<br>മറ്റു ചെലവുകൾ - 15.00<br>ആകെ - **291.97** |

| | | | |
|---|---|---|---|
| (ഡി) | ബാങ്കുകൾ ഈടാക്കുന്നതിലും അധികം നിരക്ക് കെ.റ്റി.ഡി.എഫ്. സി ഈടാക്കുന്നത് കോർപ്പറേഷനു ണ്ടാക്കുന്ന അധിക ബാധ്യത പരി ഹരിക്കാൻ സർക്കാർ തലത്തിൽ നടപടി സാധ്യമാണോ; വിശദമാ ക്കുമോ? | (ഡി) | കെ.എസ്.ആർ.ടി.സി.യുടെ സമഗ്രമായ പുനരുദ്ധാരണം സംബന്ധിച്ച് പഠിക്കുവാൻ നിയോഗിച്ചിരിക്കുന്ന ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കൊൽക്കൊത്തയിലെ പ്രൊഫസർ ആയ ശ്രീ. സുശീൽ ഖന്നയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ച് നടപടിയെടുക്കുന്ന താണ്. |

സെക്ഷൻ ഓഫീസർ